DESPATCHED
On. 14.2.23.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1370(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 9084/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2023 ഫെബ്രുവരി 9

ശ്രീ. പി.ആർ. ബാബു,
പറത്താട്ടിൽ വീട്, കാരമുക്ക്,
പി.ഒ. കണ്ടശ്ശംകടവ്,
തൃശ്ശൂർ – 680 613.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
തൃശ്ശൂർ – 680 620.
2) അപ്പീൽ അധികാരി &
ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയം,
തൃശ്ശൂർ.
3) ശ്രീ. ജസ്റ്റിൻ സി. ഫ്രാൻസിസ്,
മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
തൃശ്ശൂർ – 680 620.
4) ശ്രീ. ജയപ്രകാശ്,
മാനേജർ,
എസ്.എൻ.ജി.എസ്.എച്ച്.എസ്. കാരമുക്ക്,
തൃശ്ശൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 26/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/03/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 08/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/05/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 11/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/08/2022, 19/08/2022 |
| ഹിയറിംഗ് നടന്ന തീയതി | 08/02/2023 – കമ്മീഷൻ ഓഫീസ് |
| ഹിയറിംഗ് സാന്നിദ്ധ്യം : എതിർകക്ഷികൾ | ഹാജരായിരുന്നു |

## ഉത്തരവ്

ശ്രീ. പി.ആർ. ബാബു കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ

സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ 7-ാം ചോദ്യത്തിനുള്ള ഉത്തരം ഒഴികെ മറ്റെല്ലാം തെറ്റായതിനാലാണ് ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും ആയതിന് ലഭിച്ച മറുപടിയും തെറ്റായതിനാലാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ ബോധിപ്പിക്കുന്നതെന്നും ആയതിനാൽ ടിയാന്റെ അപ്പീൽ പരിഗണിച്ച് നിയമാനുസൃതമായ ഉത്തരവുണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 26.02.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തൃശ്ശൂർ കാരമുക്ക് എസ്.എൻ.ജി.എസ്സ്.എസ്.ലെ അധ്യാപികയായ ഹർജിക്കാരന്റെ ഭാര്യ ശ്രീമതി അജിത കെ.വി.യെ ടി സ്കൂളിൽ നിന്നും റിട്ടയർ ചെയ്യുന്ന അദ്ധ്യാപകൻ സി.എസ്. പ്രദീപ് അധിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് നൽകിയ 21.4.2021-ലെ പരാതിയിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് താഴെ പറയുന്നവയുടെ പകർപ്പുകളും വിശദവിവരങ്ങളും നൽകണമെന്നാണ്:

i. അജിത കെ.വി. (എച്ച്.എസ്.എ) നൽകി പരാതികളിൽ എന്തു നടപടി ക്രമമാണ് കെ.ഇ.ആർ/കെ.എസ്.ആർ. നിയമ പ്രകാരം പ്രസ്തുത ഓഫീസ് നടത്തിയിട്ടുള്ളതെന്നും ആയതിന്റെ പകർപ്പുകൾ അനുവദിക്കണമെന്നും

ii. മേൽപ്പടി പരാതികളിൽ ബഹു. ഡി.ഇ.ഒ. നേരിട്ടോ അല്ലെങ്കിൽ എസ്.എൻ.ജി.എസ് എച്ച്.എസ്.എസ്. മാനേജർ/ഹെഡ്മിസ്ട്രസ്/ പ്രിൻസിപ്പാൾ മുഖേനയോ അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

iii. ടി പരാതികളിൽ എന്തു തീർപ്പാണ് ബഹു. തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എടുത്തിട്ടുള്ളതെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും, നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ/നടപടികൾ എടുത്തിട്ടില്ലെങ്കിൽ ആയതിന്റെ രേഖാമൂലമുള്ള പകർപ്പ് അനുവദിക്കണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.03.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ ഇ-മെയിൽ പരാതി ടി കാര്യാലയത്തിൽ ലഭ്യമായതായി കാണുന്നില്ലെന്നും ആയതിനാൽ 1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാനാവില്ലെന്നും 6, 7 ചോദ്യങ്ങൾക്ക് മറുപടി നൽകിയതായും കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 08.4.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 31.5.2022 തീയതി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

12.5.2022-നു നടത്തിയ കൂടികാഴ്ചയിൽ ടി ഓഫീസിൽ നിന്നും നൽകിയ മറുപടി തൃപ്തികരമല്ല എന്നു കാണുന്നു എന്നും ടിയാൻ സമർപ്പിച്ച രജിസ്റ്റേർഡ് കത്തും ഇ-മെയിൽ മുഖേനയുള്ള പരാതിയും ബന്ധപ്പെട്ട ബി6 സെക്ഷനിൽ ലഭ്യമായിരുന്നില്ല എന്ന് മനസ്സിലാകുന്നു എന്നും പരാതി നൽകിയ 26.4.21 കോവിഡ്-19 മായി ബന്ധപ്പെട്ട് ഓഫീസ് ഡിവിഷൻ കണ്ടെയിൻമെന്റ് സോണും തുടർന്ന് ലോക്ഡൗണും പ്രഖ്യാപിച്ചതിനാൽ തുടർച്ചയായി ഓഫീസ് അടഞ്ഞു കിടന്നതുമൂലം ഉണ്ടായ പ്രത്യേക സാഹചര്യമാണെന്നും ഭാവിയിൽ ഇത്തരം നിർഭാഗ്യകരമായ സംഭവങ്ങൾ ഒഴിവാക്കുന്നതിനു ആവശ്യമായ കർശന നിർദ്ദേശങ്ങൾ തപാൽ സെക്ഷന് നൽകിയിട്ടുണ്ടെന്നും കൂടാതെ 21.4.2021 തീയതിയിലെ പരാതിയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു എന്നും ആയതിന്റെ ഭാഗമായി 3.6.22-നു ടി കാര്യാലയത്തിൽ വച്ച് പ്രധാന അധ്യാപികയേയും മാനേജരെയും കൂടികാഴ്ച നിശ്ചയിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതെന്നുമാണ്.

4. എതിർകക്ഷികൾ (ഒന്നും രണ്ടും) കമ്മീഷൻ മുമ്പാകെ 10.08.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, തൃശ്ശൂർ കാരമുക്ക് എസ്.എൻ.ജി.എച്ച്.എസ്.ലെ അധ്യാപിക ശ്രീമതി അജിത കെ.വിയുടെ പരാതിയുമായി ബന്ധപ്പെട്ടു നടത്തിയിട്ടുള്ള റിപ്പോർട്ടുകളുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.പി.ആർ.ബാബു വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായി ടി കാര്യാലയത്തിൽ നിന്നും മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ല എന്നാരോപിച്ചുകൊണ്ട് സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷ 11.4.2022-ന് കൈപ്പറ്റിയിരുന്നു എന്നും ആയതിൻമേൽ തീരുമാനമെടുക്കുന്നതിനായി 12.5.2022-നു ടിയാനെ നേരിൽ കേൾക്കുകയും എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ടു എന്നും കോവിഡ്-19 മായി ബന്ധപ്പെട്ട് ഓഫീസ് ഡിവിഷൻ കണ്ടെയ്മെന്റ് സോണും തുടർന്ന് ലോക്ഡൗണും പ്രഖ്യാപിച്ചതിനാൽ തുടർച്ചയായി ഓഫീസ് അടഞ്ഞു കിടന്നത് മൂലമുണ്ടായ പ്രത്യേക സാഹചര്യമാണെന്നും ഭാവിയിൽ ഇത്തരം നിർഭാഗ്യകരമായ സംഭവങ്ങൾ ഒഴിവാക്കുന്നതിനു ആവശ്യമായ കർശന നിർദ്ദേശങ്ങൾ തപാൽ സെക്ഷന് നൽകിയിട്ടുണ്ടെന്നും കൂടാതെ 21.4.2021 തീയതിയിലെ പരാതിയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു എന്നും ആയതിന്റെ ഭാഗമായി 3.6.22-നു ടി കാര്യാലയത്തിൽ വച്ച് പ്രധാന അധ്യാപികയേയും മാനേജരെയും കൂടികാഴ്ച നിശ്ചയിട്ടുണ്ടെന്ന് അറിയിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്. പരാതിയിലെ എതിർകക്ഷിയായ ശ്രീ. പ്രദീപ് സി.എസ്. ന്റെ സേവനത്തിൽ വിരമിക്കലുമായി ബന്ധപ്പെട്ട് നടത്തിയ സ്റ്റാഫ് മീറ്റിങ്ങിൽ ടിയാൻ ശ്രീമതി അജിത കെ.വിയെ കുറിച്ച് മോശമായി സംസാരിച്ചതുമായി ബന്ധപ്പെട്ടാണ് പരാതിയെന്നും ശ്രീമതി. അജിത കെ.വിയുടെ

പരാതിയിന്മേൽ മാനേജർ അന്വേഷണം നടത്തിയെന്നും അന്വേഷണത്തിന്റെ ഭാഗമായി മാനേജരുടെയും മാനേജ്മെന്റ് കമ്മിറ്റിയുടെയും, പ്രധാന അധ്യാപികയുടെയും സാന്നിധ്യത്തിൽ പരാതിക്കാരിയേയും, എതിർകക്ഷിയേയും വെവ്വേറെ വിളിച്ച് നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ടെന്ന് അന്വേഷണ വേളയിൽ അറിയിച്ചിട്ടുണ്ടെന്നും സ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞിട്ടുള്ള രണ്ട് അധ്യാപകരും നല്ല രീതിയിൽ പ്രവർത്തിക്കുന്നവരാണെന്നും, എന്നാൽ വിരമിക്കൽ ചടങ്ങിനോട് അനുബന്ധിച്ച് നടത്തിയ യാത്രയപ്പ് യോഗത്തിൽ മോശമായി സംസാരിച്ചത് തെറ്റായ പ്രവൃത്തിയാണെന്ന് മാനേജരും പ്രധാനധ്യാപികയും അറിയിച്ചു. പരാതി രമ്യതയിൽ പരാവസാനിപ്പിക്കുന്നതിലേക്കായി മാനേജരും, മാനേജ്മെന്റ് കമ്മിറ്റിയും പല പ്രാവശ്യം വിളിച്ചു സംസാരിച്ചുവെങ്കിലും പരാതിക്കാരിയും എതിർകക്ഷിയും സഹകരിക്കുവാൻ തയ്യാറായില്ല എന്നും അറിയിച്ചു. ശ്രീ. പ്രദീപ് സി.എസ്. സേവനത്തിൽ നിന്നും വിരമിച്ചതിനാൽ വേറെ നടപടികൾ ഒന്നും സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണെന്നും മാനേജർ അറിയിച്ചു. സ്കൂളുമായി ബന്ധപ്പെട്ട് ഇനി പരാതികൾ ഒന്നും ഇല്ലായെന്നും ഇതു സംബന്ധിച്ച് കോടതി മുഖേന കേസുമായി തുടർനടപടികൾ സ്വീകരിക്കുകയാണെന്നും, അജിത കെ.വിയുടെ ഭർത്താവും അപ്പീൽ അപേക്ഷകനുമായ ശ്രീ. ബാബു പി.ആർ. അറിയിച്ചിട്ടുണ്ടെന്ന് അന്വേഷണ വേളയിൽ മാനേജർ ബോധിപ്പിച്ചിട്ടുണ്ടെന്നും പരാതിയിന്മേൽ ശ്രീമതി. അജിത കെ.വി., ശ്രീ. പ്രദീപ് സി.എസ്. എന്നിവരെ വിളിച്ച് പ്രശ്നങ്ങൾ രമ്യതയിൽ പറഞ്ഞ് അവസാനിപ്പിക്കുന്നതിന് മാനേജരും, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും തുടർന്നും തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും എസ്.എൻ.ജി.എസ്.എച്ച്.എസ്. സ്കൂൾ മാനേജർ ശ്രീ. ജയപ്രകാശ്, പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ശ്രീ. ജസ്റ്റിൻ സി.ഫ്രാൻസിസ് എന്നിവരെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ശ്രീ.ജസ്റ്റിൻ സി.ഫ്രാൻസിസിന്റെ ഭാഗത്തു നിന്നും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായ വിവരങ്ങൾ നൽകിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. ടിയാൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ വീഴ്ച സംഭവിച്ചതായി സമ്മതിച്ചിട്ടുണ്ട്. വിവരാവകാശ നിയമപ്രകാരം തെറ്റായ മറുപടി നൽകിയതിന് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയ ശ്രീ. ജസ്റ്റിൻ സി.ഫ്രാൻസിസ്-നെ ശിക്ഷിക്കുവാനും പിഴ സംഖ്യയായ 5000/- രൂപ (അയ്യായിരം രൂപ മാത്രം) ടിയാനിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. ജസ്റ്റിൻ സി.ഫ്രാൻസിസ് 5000/- രൂപ (അയ്യായിരം രൂപ മാത്രം) **"0070--60-118-99-Receipts under the Right to Information Act, 2005"** എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും,

വിവരം കമ്മീഷൻ സെക്രട്ടറിയെ 10/03/2022-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതുമാണ്. മേലിൽ വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യുമ്പോൾ ജാഗ്രത പാലിക്കേണ്ടതാണെന്ന് കമ്മീഷൻ ടിയാളോട് നിർദ്ദേശിക്കുന്നു. ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, ഓഫീസ് മേധാവിക്ക് അയച്ചു കൊടുക്കേണ്ടതും കമ്മീഷൻ ഉത്തരവ് പാലിക്കപ്പെട്ടുയെന്ന് ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതുമാണ്.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി മാസം 9-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി